പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4761

18.12.2014 ൽ
മറുപടിക്ക്

## ബേപ്പൂർ - ചാലിയാർ തീരത്ത് വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ നടപടി

ചോദ്യം
ശ്രീ.എളമരം കരീം :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ ചാലിയാർ തീരത്ത് വൻതോതിൽ വയലും തണ്ണീർത്തടവും നിയമവിരുദ്ധമായി നികത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)<br><br><br><br>(സി)<br><br><br>(ഡി) | ഇത് സംബന്ധിച്ച് രാമനാട്ടുകര വില്ലേജ് ഓഫീസർ കോഴിക്കോട് തഹസീൽദാർക്ക് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;<br><br>ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ;<br><br>നിയമവിരുദ്ധമായി വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) | ഇത് സംബന്ധിച്ച് കരിങ്കല്ലായ് - ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |